LIBRARY ARCHIVES Kerala Legislative Assembly

താനൂർ ഫിഷിംഗ് ഹാർബർ

136 (1877) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന വിശദമാക്കുമോ;

(ബി) കടലിന്റെ ആഴത്തിലും അളവിലും വന്ന വ്ർദ്ധനവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രവൃത്തികൾ ക്രമീകരിച്ച് പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കി ഹാർബർ കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം 42 ശതമാനം പൂർത്തീകരിച്ചു. ടി ഫിഷിംഗ് ഹാർബറിലെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ, ഡ്രഡ്ജിംഗ്, റിക്ലമേഷൻ എന്നീ പ്രവൃത്തികൾക്ക് കരാറിലേർപ്പെട്ടതനുസരിച്ച് നോർത്ത് ബ്രേക്ക് വാട്ടർ 480 മീ. സൗത്ത് ബ്രേക്ക് വാട്ടർ 810 മീ. പൂർത്തീകരിച്ചിട്ടുണ്ട്. റിക്ലമേഷൻ ബണ്ട് 290 മീ. പൂർത്തീകരിച്ചു. മഴയും കടലാക്രമണവുംമൂലം താല്കാലികമായി നിർത്തിവച്ചിരുന്ന പ്രവൃത്തി 20-1-2016-ൽ പുനരാരംഭിച്ചിട്ടുണ്ട്.

(ബി) കടലിന്റെ ആഴത്തിലും അളവിലും വന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് സർക്കാർ അംഗീകാരം നൽകിയതനുസരിച്ച് പ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 2017 ജനുവരി വരെയാണ്. ഈ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കപ്പൽ സർവ്വീസ്

137(1878) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊച്ചി, വിഴിഞ്ഞം, തൂത്തുക്കുടി, ശ്രീലങ്ക എന്നീ ഉറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കപ്പൽ സർവ്വീസ് പദ്ധതി പരിഗണനയിലുണ്ടോ;